"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് -മാലിന്യ മുക്ത സംസ്ഥാനം എന്ന ലക്ഷ്യം കൈവരിക്കുന്നതിന് സംസ്ഥാന വ്യാപകമായി നടക്കുന്ന ക്യാമ്പയിൻ -പൊതു ഇടങ്ങളിലെയും ജലസ്രോതസ്സുകളിലെയും മാലിന്യം നീക്കുന്നതിന് പാലിക്കേണ്ട നടപടി ക്രമം-മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡബ്ല്യൂ എം)വകുപ്പ്**

G.O.(Rt)No.922/2023/LSGD  തീയതി,തിരുവനന്തപുരം, 26-04-2023

---

പരാമർശം:-

1. 8/03/2023, 10/3/2023, 13/03/2023 തീയതികളിലെ WP(C) നമ്പർ 7844/2023(S) ലെ കേരള ഹൈക്കോടതിയുടെ നിർദ്ദേശങ്ങൾ.
2. സ.ഉ (സാധാ) നം.619/2023/ LSGD തീയതി 15/03/2023
3. 8/03/2023 ലെ WM3/38/2023/LSGD നമ്പർ സർക്കുലർ
4. 13-04-2023-ന് തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന ക്യാമ്പയിൻ സെക്രട്ടറിയേറ്റ് യോഗം.

**<u>ഉത്തരവ്</u>**

സംസ്ഥാന വ്യാപകമായി നടപ്പാക്കുന്ന പകർച്ചവ്യാധി പ്രതിരോധ - മഴക്കാല പൂർവ്വ ശുചീകരണ - മാലിന്യ മുക്ത കേരളം ക്യാമ്പയിന്റെയും ബഹുമാനപ്പെട്ട കേരള ഹൈക്കോടതി സൂചനയിൽ പരാമർശിച്ചിട്ടുള്ള റിട്ട് പെറ്റീഷനിൽ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന്റെയും ഭാഗമായി പൊതു ഇടങ്ങളിലും ജലസ്രോതസ്സുകളിലും നിക്ഷേപിച്ചിട്ടുള്ള ഖരമാലിന്യം നീക്കം ചെയ്യുന്നതിനുള്ള നടപടിക്രമം നിശ്ചയിച്ച് സംസ്ഥാന മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

അനുബന്ധമായി ചേർത്തിട്ടുള്ള മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ചുകൊണ്ട് പൊതു ഇടങ്ങളിലേയും ജലസ്രോതസ്സുകളിലേയും മാലിന്യം നീക്കം ചെയ്യേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SARADA MURALEEDHARAN I A S
ADDITIONAL CHIEF SECRETARY

കോ-ഓർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി-2.

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
ഡയറക്ടർ, തദ്ദേശ സ്വയംഭരണ (അർബൻ) വകുപ്പ്.
ഡയറക്ടർ, തദ്ദേശ സ്വയംഭരണ (റൂറൽ) വകുപ്പ്.
പ്രോജക്ട് ഡയറക്ടർ, കെ.എസ്.ഡബ്ല്യു.എം.പി.
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ.
മിഷൻ ഡയറക്ടർ, അമൃത്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ.
മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്.
ഡയറക്ടർ ജനറൽ, കില.
എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും (ത.സ്വ.ഭ.വ (അർബൻ) വകുപ്പ് ഡയറക്ടർ മുഖേന)
എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും (ത.സ്വ.ഭ.വ(റൂറൽ) വകുപ്പ് ഡയറക്ടർ മുഖേന)
മാനേജിംഗ് ഡയറക്ടർ, ഐ.കെ.എം.
ഐ & പി.ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
ഓഫീസ് കോപ്പി/ കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sheeba S C
Date: 27-04-2023 12:14:34
സെക്ഷൻ ഓഫീസർ

<u>പൊതു ഇടങ്ങളും ജല സ്രോതസുകളും മാലിന്യ</u>

<u>മുക്തമാക്കുന്നതിനുള്ള നടപടിക്രമം</u>

ഗ്രാമ പഞ്ചായത്തും നഗരസഭകളും പൊതു ഇടങ്ങളെയും ജല സ്രോതസുകളെയും മാലിന്യ മുക്തമാക്കുന്നതിനു സ്വീകരിക്കേണ്ട നടപടികൾ ചുവടെ ചേർക്കുന്നു.

1. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും മാലിന്യം നിക്ഷേപിച്ചിട്ടുള്ള പൊതു ഇടങ്ങളും ജല സ്രോതസുകളും കണ്ടെത്തി പട്ടികപ്പെടുത്തുക.

2. കണ്ടെത്തിയ മാലിന്യ കൂനകൾ ജിയോ ടാഗ് ചെയ്യുക.

3. ജിയോ ടാഗിംങ് നടത്തുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി ഒരു ടീം രൂപീകരിക്കേണ്ടതും അതിന്റെ ചുമതല ഹെൽത്ത് ഓഫീസർ/ഹെൽത്ത് ഇൻസ്പെക്ടർ/ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ/ ക്ലീൻസിറ്റി മാനേജർ, മാലിന്യ സംസ്കരണത്തിന്റെ ചുമതലയുള്ള നോഡൽ ഓഫീസർ എന്നിവരിൽ ഒരാൾക്ക് നൽകേണ്ടതും അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ജിയോ ടാഗിംങ് പ്രവർത്തനം 2 0 2 3 ഏപ്രിൽ 30ന് മുമ്പ് പൂർത്തിയാക്കേണ്ടതുമാണ്.

4. ഓരോ സ്ഥലത്തും നിക്ഷേപിച്ചിട്ടുള്ള മാലിന്യത്തിന്റെ ഏകദേശ അളവ് തിട്ടപ്പെടുത്തുക. മാലിന്യ കൂനയുടെ വ്യാപ്തി നിർണ്ണയിച്ചു കൊണ്ട് അളവ് എടുക്കാവുന്നതാണ്.

5. മാലിന്യത്തിന്റെ സ്വഭാവം - ജൈവ - അജൈവ മാലിന്യം, അപകടകരമായ മാലിന്യം ( ഉപയോഗ ശൂന്യമായ ട്യൂബ് ലൈറ്റ്, സി.എഫ്. എൽ, ബാറ്ററി മുതലായവ) എത്ര ശതമാനം വീതമായിരിക്കുമെന്ന് കണക്കാക്കുക.

6. മാലിന്യം നീക്കം ചെയ്യുന്നതിനുള്ള ഉപാധികൾ വാർഡ് തലത്തിലോ വീടുകളുടെ ക്ലസ്റ്റർ തലത്തിലോ ചർച്ച ചെയ്തു ധാരണയിലെത്തുക. പൊതു ഇടങ്ങൾക്ക് പുറമെ സ്വകാര്യ വ്യക്തികളുടെ ഭൂമിയിലും മാലിന്യ കൂനകൾ രൂപപ്പെട്ടിട്ടുണ്ടെങ്കിൽ അവയും നീക്കം ചെയ്യപ്പെടേണ്ടതാണ്.

7. **തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പൊതു ഇടങ്ങളിലെയും ജല സ്രോതസിലേയും മാലിന്യം നീക്കം ചെയ്യുന്നതിന് സ്വീകരിക്കാവുന്ന പൊതുസമീപനം.ഇതുമായി ബന്ധപ്പെട്ട സന്നദ്ധ സേനയുടെ ഘടന ചുവടെ ചേർക്കുന്നു.**

7.1 വാർഡ്ഡു തലത്തിൽ മാലിന്യം നീക്കം ചെയ്യുന്ന പ്രവർത്തനം ഏറ്റെടുക്കാൻ തയ്യാറുള്ള സന്നദ്ധ സേന രൂപീകരിക്കണം. റെസിഡൻസ് വെൽഫെയർ അസോസിയേഷൻ ഭാരവാഹികളും പ്രവർത്തകരും സന്നദ്ധ സംഘടനാ ഭാരവാഹികളും പ്രവർത്തകരും എൻ.എസ്.എസ്, എസ്.പി.സി, എൻ.സി.സി സ്കൗട്ട്സ് & ഗൈഡ്സ്, യുവജന സംഘടനകൾ, യൂത്ത് ക്ലബ്ബുകൾ,

വായനശാലകൾ, വ്യാപാരി വ്യവസായി സംഘടനകൾ, തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സന്നദ്ധ സേന അംഗങ്ങൾ, രാഷ്ട്രീയ പാർട്ടികളുടെ പ്രവർത്തകർ, ട്രേഡ് യൂണിയൻ പ്രവർത്തകർ, സർവ്വീസ് സംഘടനകളുടെ കുടുംബശ്രീ ഭാരവാഹികളും അംഗങ്ങളും ആശാപ്രവർത്തകർ, ഹരിത കർമ്മ സേന അംഗങ്ങൾ, ഭാരവാഹികൾ എന്നിവരുൾപ്പെട്ട സമസ്ത ജനവിഭാഗങ്ങളെയും ഉൾപ്പെടുത്തി വേണം സന്നദ്ധ സേന രൂപീകരിക്കേണ്ടത്.

7.2.2 ശുചീകരണത്തിന് വേണ്ട മുന്നൊരുക്കങ്ങൾ സന്നദ്ധസേന രൂപീകരിക്കണം.

7.2.3 വിദഗ്ധ തൊഴിലാളികളെ കണ്ടെത്തൽ.

7.2.4 ജെ സി ബി പോലുള്ള യന്ത്രങ്ങൾ, ജലാശയങ്ങളിലെ വെള്ളം വറ്റിക്കുന്നതിനുള്ള പമ്പ് സെറ്റുകൾ, എക്കലും മണ്ണും ചെളിയും നീക്കം ചെയ്യുന്നതിനുള്ള ഉപകരണങ്ങൾ, മൺ വെട്ടി, മൺ കോരി, പിക്കാസ് എന്നിവ അവശ്യാനുസരണം കരുതുക.

7 . 2 . 5 പൊതുയിടങ്ങളിലേയും ജലസ്രോതസ്സുകളിലേയും മാലിന്യം നീക്കം ചെയ്യുന്ന പ്രവർത്തനങ്ങളിൽ നേരിട്ടിടപെടുന്നവർക്ക് ഗ്ലൗസ്, മാസ്ക് തുടങ്ങിയ ഉപകരണങ്ങൾ ലഭ്യമാക്കണം. കൂടാതെ എലിപ്പനി പോലുള്ള രോഗങ്ങളെ പ്രതിരോധിക്കുന്നതിന് ആരോഗ്യ വകുപ്പ് നിർദ്ദേശിച്ചിട്ടുള്ള പ്രതിരോധ നടപടികൾ സ്വീകരിക്കണം.

7.2.6 അജൈവ മാലിന്യം നിറച്ചു സൂക്ഷിക്കുന്നതിനാവശ്യമായ ചാക്കുകൾ സമാഹരിക്കണം. (വില കൊടുത്തു വാങ്ങുകയോ വാണിജ്യ സ്ഥാപനങ്ങളിൽ നിന്നും ഉപയോഗിച്ച ചാക്കുകൾ സംഭാവനയായി വാങ്ങുകയോ ചെയ്യാവുന്നതാണ്.)

7.2.7 പൊതു ഇടങ്ങളിലെ മാലിന്യ കൂനകളിലുള്ള മാലിന്യത്തെ ജൈവ - അജൈവ- ആപത്കര മാലിന്യങ്ങളായി വേർതിരിക്കണം.

7 . 2 . 8 സന്നദ്ധ പ്രവർത്തകരുടേയും ഹരിതകർമ്മ സേനയുടെയും സഹായത്തോടെ റോഡരുകുകളിൽ വലിച്ചെറിഞ്ഞിട്ടുള്ള അജൈവ മാലിന്യം പെറുക്കിയെടുത്ത് ചാക്കുകളിൽ നിറക്കണം. നിറച്ച ചാക്കുകൾ റോഡരുകിൽ ഒതുക്കി വയ്ക്കണം. റോഡുകൾ മാലിന്യ രഹിതവും വൃത്തിയുള്ളതുമായി തീരണം.

7.2.9 ജൈവ മാലിന്യത്തെ പരിസ്ഥിതിക്ക് ദോഷം വരാത്ത വിധം അവിടെത്തന്നെ സംസ്കരിക്കുകയോ കാർഷിക ആവശ്യത്തിന് കർഷകർക്ക് നൽകുകയോ ചെയ്യാ വുന്നതാണ്.

7.2.10 മാലിന്യ കൂനയിൽ സാനിട്ടറി വേസ്റ്റ്, മൃഗങ്ങളുടെ ശവം എന്നിവ കലർന്നിട്ടുണ്ടെങ്കിൽ അത്തരം മാലിന്യം CPCB മാർഗ്ഗ നിർദ്ദേശ പ്രകാരം ഡീപ് ബറിയലിനു വിധേയമാക്കണം.

7.2.11 അജൈവ മാലിന്യം പ്ലാസ്റ്റിക്, കാർഡ് ബോർഡ് ചെരുപ്പ്, ബാഗ്, കുപ്പിചില്ല്, പേപ്പർ മറ്റുള്ളവ എന്നിങ്ങനെ വേർതിരിച്ച് ചാക്കുകളിൽ നിറച്ച് കെട്ടി വയ്ക്കണം.

7.2.12 പ്രാദേശിക സ്ക്രാപ് ഡീലർമാരുടെ പങ്കാളിത്തത്തോടെ അവർക്ക് ആവശ്യമുള്ളത് ഓരോ

സ്പോട്ടിൽ നിന്നും ശേഖരിക്കുന്നതിനും നീക്കം ചെയ്യുന്നതിനും അനുവദിക്കാവുന്നതാണ്. ശേഷിക്കുന്നവ ചാക്കുകളിൽ നിറച്ച് മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി / ആർ. ആർ. എഫ് പരിസരത്തേക്ക് നീക്കം ചെയ്യുകയും ക്ലീൻ കേരള കമ്പനിക്ക് അവിടെ നിന്നു നീക്കം ചെയ്യുന്നതിൽ മതിയായ സമയം നൽകുകയും ചെയ്യുക.

8 . ജലാശയങ്ങളിൽ നിന്നും ശേഖരിക്കുന്ന അജൈവ മാലിന്യവും ഉണക്കിയെടുത്ത് തരംതിരിച്ച ചാക്കുകളിൽ നിറച്ച് ക്ലീൻ കേരള കമ്പനിക്ക് നീക്കം ചെയ്യാവുന്ന വിധത്തിൽ മാറ്റിവക്കുക. എം.സി.എഫ്/ആർ.ആർ.എഫ്-കളിലേക്ക് നീക്കം ചെയ്യുക.

9 . ക്ലീൻ കേരള കമ്പനിക്ക്, പുന: ചംക്രമണ യോഗ്യമല്ലാത്ത മാലിന്യം നീക്കം ചെയ്യുന്നതിന് നിശ്ചയിച്ചിട്ടുള്ള നിരക്കിൽ, ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം തുക അനുവദിക്കണം.

1 0 . തദ്ദേശഭരണ സ്ഥാപനത്തിന് ഇത്തരം അജൈവ മാലിന്യം നീക്കം ചെയ്യുന്നതിന് വ്യവസ്ഥാപിതമായ സംവിധാനം നിലവിലുണ്ടെങ്കിൽ അതനുസരിച്ച് മാലിന്യം നീക്കം ചെയ്യാവുന്നതാണ്. എന്നാൽ 06/09/2021 ലെ GO (Rt) നം. 1673 /2021/LSGD നമ്പരായുള്ള സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ നിർബന്ധമായും പാലിച്ചിരിക്കണം.

11. പൊതു ഇടങ്ങളിലെ മാലിന്യ കൂനകളെയും ജലസ്രോതസിലെ മാലിന്യത്തെ സംബന്ധിച്ചും പൊതു ജനങ്ങൾക്ക്, തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ ചിത്രം സഹിതം അറിയിക്കുന്നതിന്, ഒരു വാട്സ് ആപ്പ് നമ്പർ പ്രസിദ്ധികരിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യേണ്ടതാണ്.

12. ഈ പ്രവർത്തനങ്ങൾക്കു വേണ്ടി വരുന്ന ചിലവ്, 8/03/2023 തീയതിയിലെ WM3/38/2022/LSGD നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം ചെലവ് ചെയ്യാവുന്നതാണ്.

13. മാലിന്യം നീക്കം ചെയ്ത പൊതു ഇടങ്ങൾ ചെടികളും മരങ്ങളും വച്ചു പിടിപ്പിച്ച് പച്ചതുരുത്ത്/ പൂന്തോട്ടം/ പാർക്ക്/ മുതിർന്ന പൗരൻമാർക്ക് വേണ്ടിയുള്ള തണലിടങ്ങൾ എന്നിവയുടെ നിർമ്മാണത്തിന് വിനിയോഗിക്കാവുന്നതാണ്. കൂടുതൽ സ്ഥലം ലഭ്യമാണെങ്കിൽ എം.സി. എഫ് /മിനി എം.സി..എഫിന്റെ നിർമ്മാണ സാധ്യത പരിശോധിക്കണം.

14. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ WP (C) 7844/2023 (S) നമ്പരായുള്ള റിട്ട് പെറ്റീഷനിലുണ്ടായിട്ടുള്ള വിധിയും G.O (Rt)604/2023/ LSGD എന്ന സർക്കാർ ഉത്തരവിലും അടങ്ങിയിട്ടുള്ള നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ലെങ്കിൽ, ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവിന്റെ ലംഘനമായി കണ്ട് നടപടികൾ സ്വീകരിക്കുന്നതാണ്.